യു.ജി.സി. നിയമം ലംഘിച്ച് നിയമനം നടത്തിയതായ പരാതി

17 (1485) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ജി.സി. നിയമനം നിലവിൽ വന്നശേഷം സംസ്ഥാനത്തെ ഏതെങ്കിലും മാനേജ്മെന്റ് കോളേജുകളിൽ യു.ജി.സി. നിയമങ്ങൾ മറികടന്ന് ആരെയെങ്കിലും നിയമിച്ചിട്ടുള്ളതായി മുഖ്യമന്ത്രിക്ക് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആരെയാണ് നിയമിച്ചിരിക്കുന്നതെന്നും ഏത് കോളേജിലാണെന്നും ഏത് വകുപ്പിലാണെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിയമനം അംഗീകരിച്ച് ശമ്പളം നൽകിയോയെന്നും പ്രസ്തുത അനധികൃത നിയമനം സംബന്ധിച്ച് മുഖ്യമന്ത്രി വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകിയോയെന്നും എങ്കിൽ എന്നാണ് ഉത്തരവ് നൽകിയത് എന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ഉത്തരവിൻമേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻ അന്വേഷണം മനഃപൂർവ്വം താമസിപ്പിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ;

(ഇ) വിജിലൻസ് അന്വേഷണം സമയബന്ധിതമായി നടത്താൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലാ അൽഫോൻസാ കോളേജിലെ ഇക്കണോമിക് ഡിപ്പാർട്ടുമെന്റിൽ ശ്രീമതി അൽഫോൻസാ പി. ജേക്കബിന്റെ നിയമനം സംബന്ധിച്ചാണ് പരാതി.

(സി) 23-7-2001 മുതൽ മാനേജർ നിയമനം നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത അദ്ധ്യാപികയ്ക്ക് ഇതുവരെ ശമ്പളം നൽകിയിട്ടില്ല. വിജിലൻസ് അന്വേഷണത്തിന് 2-5-2002-ൽ ഉത്തരവ് നൽകിയിട്ടുണ്ട്.

(ഡി)&(ഇ) വിജിലൻസ് അന്വേഷണം പൂർത്തിയാക്കി അന്വേഷണ റിപ്പോർട്ട് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടർ സൂക്ഷ്മ പരിശോധന നടത്തി വരികയാണ്.

വിവിധ വകുപ്പുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം

18 (1486) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ മതിയായ പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗസ്ഥ പ്രാതിനിധ്യം ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളുടെ ആകെ എണ്ണവും അതിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണവും അവർക്ക് നീക്കിവച്ചിരിക്കുന്ന പ്രാതിനിധ്യവും വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(സി) ഇപ്പോൾ വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ കുറവ് നികത്താൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖാന്തിരം എത്ര നിയമനം നടത്തിയിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1-1-2002-ൽ അവലോകനം പൂർത്തിയാക്കിയ 46 വകുപ്പുകളിലെ വിവിധ തസ്തികകളുടെ എണ്ണവും അതിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ എണ്ണവും, പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യ ശതമാനവും, സംവരണം ചെയ്തിട്ട് നിയമനം കാത്ത് കിടക്കുന്ന തസ്തികകളുടെ എണ്ണവും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് * അനുബന്ധമായി ചേർക്കുന്നു.

(സി&ഡി) ഓരോ വർഷവും ജനുവരി 1-ാം തീയതി വച്ച് സർക്കാർ വകുപ്പുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം അവലോകനം ചെയ്യുകയും മതിയായ പ്രാതിനിധ്യം ഇല്ലാത്ത വകുപ്പുകളിൽ ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള സംവരണ നിയമങ്ങൾ അനുസരിച്ച് തസ്തികകൾ സംവരണം ചെയ്യുന്നുമുണ്ട്. അങ്ങനെ സംവരണം ചെയ്യപ്പെടുന്ന തസ്തികകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ പി.എസ്.സി.യുമായി ബന്ധപ്പെട്ട് വേണ്ട നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷൻമാർക്ക് നിർദ്ദേശം നൽകിവരുന്നു. കൂടാതെ വിവിധ വകുപ്പുകളിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കായി വാർഷികാവലോകന പ്രകാരം സംവരണം ചെയ്യപ്പെടുന്ന തസ്തികകളിലേയ്ക്ക് നടത്തുന്ന സ്പെഷ്യൽ റിക്രൂട്ട്മെന്റിന്റെ സ്ഥിതി വിവരങ്ങൾ മാസം തോറും അവലോകനം ചെയ്യുന്നുമുണ്ട്.

(ഇ) സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖാന്തിരം വിവിധ തസ്തികകളിലായി മെയ് 2001 മുതൽ ജനുവരി 2003 വരെ 592 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly